# പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3778 17.12.2015 ന് മറുപടിയ്ക്ക്.

## വയനാട് ഇക്കോട്ടൂറിസം പ്രോജക്ടുകളിലെ ജീവനക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വയനാട് ജില്ലയിലെ സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള ഇക്കോട്ടൂറിസം പ്രോജക്ടുകളിൽ എത്ര ജീവനക്കാരാണുള്ളത്; | (എ) സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ 136 ജീവനക്കാരാണുള്ളത്. |
| (ബി) പ്രസ്തുത ജീവനക്കാർക്ക് വേതനം നൽകുന്നതിനു നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ എന്താണെന്നും വർഷത്തിൽ ശരാശരി എത്ര ദിവസം ജോലി ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ; | (ബി) പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായാണ് കേരളത്തിൽ ഇക്കോട്ടൂറിസം നടപ്പാക്കുന്നത്. വനം ഡിവിഷൻ തലത്തിൽ രൂപീകരിച്ചിട്ടുള്ള വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിലാണ് ഇക്കോട്ടൂറിസം നടപ്പാക്കുന്നത്. പങ്കാളിത്ത വന പരിപാലന പ്രക്രിയയിൽ വനസംരക്ഷണ സമിതികളിലെ അംഗങ്ങൾ കൂട്ടായ തീരുമാന പ്രകാരമാണ് യോഗ്യരായ അംഗങ്ങളെ വിവിധ ജോലികൾക്കായി നിയോഗിക്കുന്നതും അവർക്ക് അർഹമായ വേതനം നിശ്ചയിക്കുന്നതും.<br>ഇക്കോട്ടൂറിസം മേഖലകളിലെ ജീവനക്കാരുടെ വേതനം അതാത് വനവികാസ ഏജൻസികളുടെ ജനറൽ ബോഡിയാണ് തീരുമാനിക്കുന്നത്. തദ്ദേശവാസികളും ജീവനക്കാരും ഉൾപ്പെടുന്ന വനസംരക്ഷണ സമിതി അംഗങ്ങൾ അടങ്ങിയ ജനറൽ ബോഡിയിൽ തീരുമാനിക്കുന്ന വേതനമാണ് നൽകി വരുന്നത്. എല്ലാ പേർക്കും തൊഴിൽ പ്രാതിനിധ്യം എന്ന തത്വം അടിസ്ഥാനമാക്കി ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. അർഹതപ്പെട്ട പരമാവധി അംഗങ്ങൾക്ക് വരുമാനം കിട്ടത്തക്ക വിധമാണ് തൊഴിൽ ലഭ്യത ഉറപ്പു വരുത്തുന്നത്.<br>സൗത്ത് വയനാട് വനം ഡിവിഷന്റെ കീഴിലുള്ള എല്ലാ വന സംരക്ഷണ സമിതികളുടേയും കൂട്ടായ്മയായ സൗത്ത് വയനാട് വനം വികാസ ഏജൻസിയാണ് ടി ഡിവിഷനിൽ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ടി വന വികാസ ഏജൻസിയുടെ പൊതുയോഗമാണ് യോഗ്യതയ്ക്കനുസരിച്ച് ജീവനക്കാരെ തെരഞ്ഞെടുക്കുന്നതും, അവരെ വിവിധ ജോലികൾക്ക് നിയോഗിക്കുന്നതും, അവരുടെ വേതനം നിശ്ചയിക്കുന്നതും. കൂടാതെ ഇക്കോ ടൂറിസം വഴി ലഭിക്കുന്ന വരുമാനം സമൂഹത്തിന്റെ |

| | |
|---|---|
| | മൊത്തത്തിലുള്ള ക്ഷേമ കാര്യങ്ങൾക്കും പ്രയോജനപ്പെടുത്തുന്നു.<br>സൗത്ത് വയനാട് വനം ഡിവിഷന് കീഴിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് ഒരു മാസത്തിൽ ശരാശരി 24 ദിവസം വച്ച് ഒരു വർഷം ഏകദേശം 288 ദിവസം ശരാശരി തൊഴിൽ ലഭിക്കുന്നുണ്ട്. |
| (സി) ടി ജീവനക്കാർക്ക് ഡി.ററി.പി.സി. ജീവനക്കാർക്കു നൽകുന്ന നിരക്കിൽ വേതനവും അവധി ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ടു നൽകിയ നിവേദനത്തിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ? (ഫയൽ നമ്പർ 707-VIP-15-M(Forest) dt. 27.07.2015). | (സി) വന വികാസ ഏജൻസികൾ വനമേഖലയിൽ നടത്തുന്നത് ഡി.റ്റി.പി.സി പോലെയുള്ള സ്ഥാപനങ്ങൾ നടത്തുന്ന ടൂറിസം പദ്ധതികൾക്കു സമാനമായ പരിപാടികളല്ല. മറിച്ച് പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി സന്ദർശകരിലൂടെ വനസംരക്ഷണത്തിനായി സാമൂഹികാടിസ്ഥാനത്തിലുള്ള പരിസ്ഥിതി വിദ്യാഭ്യാസ പദ്ധതിയാണ്. വന വികാസ ഏജൻസികൾ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയായ വനസംരക്ഷണ സമിതികൾ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവകളിലൂടെയാണ് ഇക്കോടൂറിസം നടപ്പാക്കുന്നത്. ഇത് ഡി.റ്റി.പി.സി പോലെ ഒരു സർക്കാർ സംവിധാനമല്ല. ആയതിനാൽ ഡി.റ്റി.പി.സി-യിലേതുപോലെ കരാർ അടിസ്ഥാനത്തിലോ ദിവസ വേതനാടിസ്ഥാനത്തിലോ ഇവിടെ ജീവനക്കാരെ നിയമിക്കുന്നില്ല. വനാശ്രിത സമൂഹത്തിലെ അംഗങ്ങൾ തന്നെയാണ് ഇവിടെ ജീവനക്കാരായി പ്രവർത്തിക്കുന്നത്. ഇക്കോ ടൂറിസത്തിൽ നിന്നുള്ള വരുമാനം അതാത് പ്രദേശത്തെ വനങ്ങളുടെ സംരക്ഷണത്തിനും, സന്ദർശകർക്കായുള്ള പ്രകൃതി പഠന ക്ലാസ്സുകൾക്കും, ബന്ധപ്പെട്ട ഇക്കോടൂറിസം മേഖലയിലെ മാലിന്യ നിർമ്മാർജ്ജനത്തിനും, അവിടെ ജോലി നോക്കുന്ന വനസംരക്ഷണ സമിതിയിലെ അംഗങ്ങളുടെ വേതനത്തിനുമായി പൊതുവിൽ ഉപയോഗപ്പെടുത്തുന്നു. ഒരു സമൂഹം അതിന്റെ സ്ഥാപനം വഴി സ്വയം നിർണ്ണയാവകാശത്തോടെ നടപ്പാക്കുന്ന പ്രവർത്തനങ്ങളെ ഡി.റ്റി.പി.സി-യിലേതു പോലെ നിയമനം നേടുന്നവരുടെ പ്രവർത്തനങ്ങളുമായി താരതമ്യം നടത്താവുന്നതല്ല. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി നടത്തുന്ന ഇക്കോ ടൂറിസം പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം സമൂഹത്തിന്റെ പൊതുവായ ഉന്നതിയാണ്, അല്ലാതെ വ്യക്തിയുടെ ക്ഷേമമല്ല.<br>നം. 707/VIP/M(F.E.Tr, S & C) നമ്പരായി ലഭിച്ച നിവേദനത്തിന്മേൽ 07.11.2015 ൽ E&TW 4-40938/2015 നമ്പരായി റിപ്പോർട്ട് ലഭ്യമാവുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. എം.എൽ.എ-യ്ക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.